# അർധവാർഷിക പരീക്ഷ 2011-12

## മലയാളം-അടിസ്ഥാനപാഠാവലി

സമയം: ഒന്നര മണിക്കൂർ

9-ാം തരം — സ്കോർ: 40

**നിർദ്ദേശങ്ങൾ:**

* 15 മിനുട്ട് കൂൾഓഫ് ടൈം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുക.
* എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
* ചോദ്യങ്ങളുടെ സ്കോർ പരിഗണിച്ച് സമയം ക്രമീകരിക്കണം.

---

1.

കൊച്ചുകൊച്ചു മോഹങ്ങളിലെ മാത്തുക്കുട്ടി എന്ന കഥാപാത്രം ഈ സമൂഹത്തിനുനേരെ ഉയർന്നുവരുന്ന ഒരു ചോദ്യവും ഒപ്പം ഉത്തരവുമാണ്. പ്രസ്താവനയെ വിശകലനം ചെയ്ത് മാത്തുക്കുട്ടി എന്ന കഥാപാത്രത്തിന് ഒരു നിരൂപണം തയാറാക്കുക. *(സ്കോർ 6)*

2.

ചുവടെ തന്നിരിക്കുന്ന ഭാഗത്തിലെ ഭാഷാപരമായ അഭംഗികൾ പരിഹരിച്ച് മെച്ചപ്പെടുത്തി എഴുതുക.

കടബാധ്യതകൊണ്ട് മറ്റ് ഗത്യന്തരമില്ലാതെ വരുമ്പോഴാണ് പലകർഷകരും സ്വയം ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചുപോകുന്നത്. ഈ ദയനീയമായ അവസ്ഥയിൽ യാതന അനുഭവിക്കുന്ന ഓരോ കർഷകരെയും രക്ഷിക്കാനുള്ള ചുമതല സമൂഹ ത്തിനുണ്ട്..

*(സ്കോർ 2)*

3.

'ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു.' — എം.എൻ. വിജയൻ

- ആദർശപൂർണവും ലളിതവുമായ ജീവിതത്തിനുവേണ്ടി നിങ്ങൾക്കെന്തൊക്കെ നിർദേശ ങ്ങളാണ് നൽകാനുള്ളത്. കണ്ടെത്തി കുറിക്കുക. *(സ്കോർ 4)*

4.

പൊങ്ങച്ചം, മനുഷ്യന്റെ വ്യക്തിത്വവും സംസ്കാരവുംതന്നെ ഇല്ലാതാക്കുന്നു. വീഡിയോ മരണത്തിലെ അമേരിക്കൻ ചേട്ടന്റെ പെരുമാറ്റത്തെ വിലയിരുത്തി കുറിപ്പുതയാറാക്കുക.

*(സ്കോർ 4)*

5. **ലളിതം**

ഇവിടെയുണ്ടുഞ്ഞാനെന്നറിയിക്കുവാൻ
മധുരമായൊരു കൂവൽ മാത്രം മതി

ഇവിടെയുണ്ടായിരുന്നു ഞാനെന്നതി-
നൊരു വെറും തൂവൽ താഴെയിട്ടാൽ മതി

ഇനിയുണ്ടാകുമെന്നതിൻ സാക്ഷിയായ്
അടയിരുന്നതിൻ ചുടുമാത്രം മതി

ഇതിലുമേറെ ലളിതമായെങ്ങനെ
കിളികളാവിഷ്കരിക്കുന്ന ജീവനെ. - പി.പി. രാമചന്ദ്രൻ

- ഉള്ളടക്കം, അവതരണരീതി എന്നിവയെ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

*(സ്കോർ 6)*

6. 'അമേരിക്കയിൽ ചാറ്റൽ മഴയായതുകൊണ്ട് അമ്മയുടെ അന്ത്യനിമിഷത്തിൽ അടുത്തെത്താൻ കഴിയാത്ത മകൻ.' 'അമ്മയുടെ ആഗ്രഹം സാക്ഷാത്കരിക്കുന്ന മാത്തുക്കുട്ടി.'

- മനുഷ്യബന്ധങ്ങളിലെ ഈ വ്യത്യസ്തതകൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

*(സ്കോർ 4)*

7. 'ഒന്നുമില്ലെങ്കിലും പേടിക്കാതെ സത്യംപറയാനെങ്കിലും അവർ ഇവിടന്ന് പഠിച്ചു വല്ലോ.'

- ഈ വരികളിൽ പരിഹാസത്തോടൊപ്പം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്തൊക്കെയായിരിക്കണം എന്ന സൂചനയും ഉൾച്ചേർന്നിരിക്കുന്നില്ലേ? വിശകലനം ചെയ്ത് കുറിപ്പെഴുതുക.

*(സ്കോർ 4)*

8. ഇല്ലാത്ത ഗുണങ്ങൾ പെരുപ്പിച്ച് പറഞ്ഞ് പല പരസ്യങ്ങളും നിത്യേന പൊതുജനങ്ങളെ പറ്റിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ. ഉപഭോക്താക്കളെ ആകർഷിക്കാൻ എന്തുനുണയും പറയാമെന്ന പരസ്യങ്ങളുടെയും കച്ചവടക്കാരുടെയും നിലപാടിനെ വിമർശിക്കുന്ന ഒരു എഡിറ്റോറിയൽ തയാറാക്കുക.

*(സ്കോർ 6)*

9. "നിങ്ങളുടെ മോഹങ്ങൾ നിങ്ങൾ പറഞ്ഞു. അതിൽ നിന്ന് നിങ്ങൾ പിന്മാറില്ലെന്ന് എനിക്കുറപ്പാണ്. ആ നിലയ്ക്ക് നിങ്ങളെ അനുഗ്രഹിച്ചയ്ക്കുകമാത്രമാണല്ലോ എന്റെ കർമം"

-ഗുരുകുലം

- 'തെളിച്ച വഴിയേ പോയില്ലെങ്കിൽ പോയവഴിയെ തെളിക്കുക' എന്ന ഗുരുവിന്റെ ഈ സമീപനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർത്ഥിക്കുക.

*(സ്കോർ 4)*